# പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടി ക്രമം
## ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-1

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം- ഇടുക്കി ,തൊടുപുഴ അൽ അസർ മെഡിക്കൽ കോളേജിൽ 2017-18 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച ആഗ്നസ് സാറ ജോബി എന്ന വിദ്യാർത്ഥിക്ക് ഒന്നും രണ്ടും വർഷങ്ങളിലെ (2017-18, 2018-19) ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

**നം.എ3/2378/2018/പ്ര.പ.ക** **തീയതി:10.02.2020**

പരാമർശം:
(1) ജി.ഒ (എം.എസ്)നം.107/2018/ആ.കു.വ. തീയതി 06.06.2018.
(2) ജി.ഒ (എം.എസ്)നം.138/2018/ആ.കു.വ. തീയതി 19.07.2018.
(3) ജി.ഒ (എം.എസ്)നം.169/2018/ആ.കു.വ. തീയതി 19.08.2018.
(4) ജി.ഒ (പി) നം. 40/ 2018 /ആ.കു.വ. തീയതി 09.04.2018.
(5) തൊടുപുഴ അൽ അസർ മെഡിക്കൽ കോളേജിൽ നിന്നും ലഭിച്ച അപേക്ഷ.
(6) എറണാകുളം ജില്ലാ കളക്ടറിൽ നിന്നു ലഭിച്ച പുന:പരിശോധനാ റിപ്പോർട്ട്
(7) ഈ കാര്യാലയത്തിലെ 31.05.2019-ലെ ഇതേ നം.ഉത്തരവ്.
(8) ഈ കാര്യാലയത്തിലെ 29.08.2019-ലെ ഇതേ നം. ഉത്തരവ്
(9) ഈ കാര്യാലയത്തിലെ 14.11.2019-ലെ ഇതേ നം. ഉത്തരവ്
(10) ഈ കാര്യാലയത്തിലെ 09.01.2020-ലെ ഇതേ നം. ഉത്തരവ്
(11) സർക്കാരിന്റെ 25.11.2019 ലെ s3/526/16-part I-ആരോഗ്യം നം.കത്ത
(12) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 30.12.2019-ലെ ASC-100/17/MBBS/CFBPC നം.ഉത്തരവ്.
(13) കേരള ആരോഗ്യം ശാസ്ത്ര സർവകലാശാല രജിസ്ട്രാർറുടെ 29.01.2020 -ലെ 25340/2019/ ബി1/എക്സ് മെഡ്/ കെ യൂ എച്ച് എസ്

## ഉത്തരവ്

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെ യുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതി നുള്ള പദ്ധതി പരാമർശം 1,2,3 ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2017-18 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡി ക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ബി.പി.എൽ സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകളിൻമേൽ വിവിധ ജില്ലാ കളക്ടർമാർ നൽകിയ പരിശോധനാ റിപ്പോർട്ടിൽ വെയ്റ്റേജ് 30 മാർക്കും അതിൽ കൂടുതലും ലഭിച്ച 93 വിദ്യാർത്ഥികൾ ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടുകയും പരാമർശം 7,8,9,10 ഉത്തരവുകൾ പ്രകാരം പ്രസ്തുത വിദ്യാർത്ഥികൾക്ക അവരുടെ ഒന്നും രണ്ടും വർഷങ്ങളിലെ (2017-18, 2018-19) ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി കോർപ്പസ് ഫണ്ടിൽനിന്നും വിതരണം ചെയ്തിട്ടുമുണ്ട്

ഇടുക്കി ,തൊടുപുഴ അൽ അസർ മെഡിക്കൽ കോളേജിൽ എം ബി ബി എസ് കോഴ്സിന് 2017-18-ൽ പ്രവേശിച്ച ആഗ്നസ് സാറ ജോബി എന്ന വിദ്യാർത്ഥിനി ബി.പി.എൽ സ്കോളർപ്പിനായി സമർപ്പിച്ച അപേക്ഷയിൽ എറണാകുളം ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം വെയിറ്റേജ് മാർക്ക് 35 ഉം , ബി പി എൽ ലിസ്റ്റിൽ ഉൾപെടുന്നില്ല എന്നുമാണ്. എന്നാൽ നിലവിൽ ആഗ്നസ് സാറ ജോബി ഉൾപ്പെടുന്ന റേഷൻ കാർഡ് പൊതു വിഭാഗത്തിൽ നിന്നും ബി.പി.എൽ വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുള്ളതായും അതിനുള്ള രേഖ ഈ കാര്യലയത്തിൽ

ഹാജരാക്കിയതിനാലും സർക്കാരിന്റെ പരാമർശം (11) പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ആഗ്നസ് സാറ ജോബി എന്ന വിദ്യാർത്ഥിനി ബി.പി.എൽ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആഗ്നസ് സാറ ജോബി എന്ന വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അഗീകാരത്തിനായി **അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ**നിലേക്ക് പരാമർശം (12) പ്രകാരം കത്ത് അയച്ചിരുന്നു. അതിൻ പ്രകാരം **അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ** പരാമർശം (13) പ്രകാരം അഗീകാരം നല്കിയിട്ടുണ്ട്. കൂടാതെ ആഗ്നസ് സാറ ജോബി എന്ന വിദ്യാർത്ഥിനി ഒന്നാം വർഷത്തെ (2017–18) റഗുലർ യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായിട്ടുള്ളതായി കേരള ആരോഗ്യം ശാസ്ത്ര സർവകലാശാല രജിസ്ട്രാർ പരാമർശം (13) പ്രകാരം അറിയിച്ചിട്ടുമുണ്ട്

ഈ സാഹചര്യത്തിൽ 2017–18 അധ്യയനവർഷം ഇടുക്കി, തൊടുപുഴ അൽ അസർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യുന്ന ആഗ്നസ് സാറ ജോബി എന്ന വിദ്യാർത്ഥിനിക്ക് ഒന്നും രണ്ടും വർഷങ്ങളിലെ (2017–18,2018–19) ട്യൂഷൻ ഫീസിന്റെ 90% തുക താഴെ പറയുന്ന പ്രകാരം ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തര വാകുന്നു

| ക്രമ നം. | പേര് | റോൾ നം. | കോളേജിന്റെ പേര് | വെയിറ്റേജ് മാർക്ക് (Out of 100) | ട്യൂഷൻ ഫീസ് (AFRC നിശ്ചയിച്ചി ട്ടുള്ളത്) | ബി.പി.എൽ സ്കോളർഷിപ്പ് അനുവദി ക്കുന്ന തുക (ട്യൂഷൻ ഫീ സിന്റെ 90% തുക) |
|---|---|---|---|---|---|---|
| 1 | ആഗ്നസ് സാറ ജോബി | 245812 | അൽ അസർ മെഡിക്കൽ കോളേജ് & സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ തൊടുപുഴ ,ഇടുക്കി | 35 | 4,85,000/ | 4,36,500 *2 |

മേൽ പരാമർശിക്കുന്ന വിദ്യാർത്ഥികൾ പരാമർശം (1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കി യിട്ടുള്ള ബോണ്ട് സമർപ്പിക്കേണ്ടതാണ്.

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

***പകർപ്പ്:–***

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. പ്രിൻസിപ്പാൾ, അൽ അസർ മെഡിക്കൽ കോളേജ് & സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ തൊടുപുഴ ,ഇടുക്കി
3. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
7. അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/കറണ്ട് ഫയൽ.